ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/03/2019

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs.40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs.10.00
5. സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം - കെ.എം.രാജൻ - Rs.10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs.20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs.25.00
   മഹർഷിദയാനന്ദ സരസ്വതി തർജ്ജമ : കെ.എം.രാജൻ
8. ഉപദേശമഞ്ജരി അഥവാ പൂനാ പ്രവചനം - Rs.60.00
   മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs.25.00
   മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി - Rs.140.00
    ശ്രീ.മദൻ രഹേജ തർജ്ജമ : സുരി
11. വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ - Rs.40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - Rs.60.00
    കെ.എം.രാജൻ
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs.35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs.30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - Rs.40.00
    കെ.എം.രാജൻ
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs.35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - Rs.40.00
    കെ.എം.രാജൻ
    (പോസ്റ്റേജ് ചെലവ് പുറമെ)

### അച്ചടിയിലുള്ളവ

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി
   തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ
   തർജ്ജമ: കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 7907077891, 9562529095*



ओ३म्

# ദയാനന്ദ സന്ദേശം



ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)

വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 7 ലക്കം 8

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ഫാൽഗുനം – ചൈത്രം
1194 കുംഭം – മീനം 2019 മാർച്ച്


വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



രാജ്ഗുരു



പണ്ഡിറ്റ് ലേഖ്റാം



സുഖ്ദേവ്



പണ്ഡിറ്റ് ഗുരുദത്ത്



സർദാർ ഭഗത് സിംഗ്

## ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ

| | | |
|---|---|---|
| മാർച്ച് 4 | : | ശിവരാത്രി (ഋഷിബോധോൽത്സവം) |
| മാർച്ച് 6 | : | പണ്ഡിറ്റ് ലേഖ്റാം രക്തസാക്ഷിദിനം |
| മാർച്ച് 19 | : | പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി സ്മൃതിദിനം |
| മാർച്ച് 23 | : | സർദാർ ഭഗത് സിംഗ്, സുഖ്ദേവ്, രാജ്ഗുരു എന്നിവരുടെ രക്തസാക്ഷിദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 9**

**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ**

**ഏമേനം സൃജതാ സുതേ മന്ദിമിന്ദ്രായ മന്ദിനേ |**
**ചക്രിം വിശ്വാനി ചക്രയേ||** **(ഋഗ്വേദം 1.9.2)**

**പദാർത്ഥം:** അല്ലയോ വിദ്വാന്മാരേ! (സുതേ) ഈ ഉൽപ്പന്നമായ പ്രപഞ്ചത്തിൽ (വിശ്വാനി) എല്ലാ സുഖങ്ങളും ഉൽപ്പന്നമാവുന്നു എന്നർത്ഥത്തിൽ (മന്ദിനേ) ഐശ്വര്യപ്രാപ്തിക്ക് ആഗ്രഹിക്കുന്നവരും (മന്ദിം) ആനന്ദം വർധിപ്പിക്കുന്നതും (ചക്രയേ) പുരുഷാർത്ഥം ചെയ്യുന്ന സ്വഭാവവും (ഇന്ദ്രായ) പരമൈശ്വര്യം ഉണ്ടാവുന്ന മനുഷ്യർക്ക് (ചക്രിം) ശിൽപ്പവിദ്യയാൽ ലഭിച്ച സാധനങ്ങളിൽ (ഏനം) ഈ (ഈം) ജലവും പ്രകാശവും (അസൃജത) നല്ലവണ്ണം പ്രകാശിപ്പിച്ചാലും.

**ഭാവാർത്ഥം:** ഈ പ്രപഞ്ചത്തിൽ പൃഥിവിമുതർ ഈശ്വര പര്യന്തമുള്ള പദാർത്ഥങ്ങളുടെ ഉത്തമ ജ്ഞാനം ഉത്തമശില്പവിദ്യയാൽ എല്ലാമനുഷ്യർക്കും ഉത്തമ ക്രിയകൾ പഠിച്ചുകൊണ്ട് വിദ്വാന്മാർ പ്രകാശിപ്പിക്കുന്നത് ഉചിതമാണ്.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്**

**തർജ്ജമ : കെ.എം.രാജൻ)**

# ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദഗുരുകുലത്തിലേക്ക് പ്രവേശനം ആരംഭിച്ചു.

കാറൽമണ്ണ വേദഗുരുകുലത്തിൽ ഏപ്രിൽ 6 ന് ആരംഭിക്കുന്ന വേദ–വേദാംഗ വ്യാകരണ കോഴ്സിന് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷക്ഷണിക്കുന്നു. അടിസ്ഥാന യോഗ്യത സംസ്കൃതം ഒരു വിഷയമായി എസ്.എസ്.എൽഎസിയോ പ്ലസ്സ് ടുവോ എല്ലാ വിഷയങ്ങൾക്കും A ഗ്രേഡോഡുകൂടി ജയിച്ചവരായിരിക്കണം. എസ്.എസ്.എൽ.എസി കഴിഞ്ഞവർക്ക് പ്ലസ് ടു പഠിക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കും. വൈദിക പഠനവും പ്ലസ് ടു പഠനവും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തുടർന്നുള്ള ബിരുദ – ബിരുദാനന്തര പഠനവും വൈദിക വിഷയങ്ങളിൽ ഗവേഷണം നടത്താനും ഡൽഹി യൂണിവേഴ്സിറ്റി, ജെ.എൻ.യു. എം.ഡി. യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ അവസരം ലഭിക്കും. പഠനക്കാലത്ത് ലീവ് അനുവദിക്കുന്നതല്ല. **കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9562529095, 7907077891**

ദയാനന്ദ സന്ദേശം: ഉടമസ്ഥതയും വിശദാംശങ്ങളും സംബന്ധിച്ചുള്ള സ്ഥിതി വിവരം (1956 ലെ കേന്ദ്ര ന്യൂസ് പേപ്പർ നിയമ പ്രകാരവും 19 ഡി (ബി) യിലെ പി.ആർ.ബി. നിയമത്തിൻ പ്രകാരവും പ്രസിദ്ധപ്പെടുത്തുന്നത്.

**ഫോറം IV**

| | | | |
|---|---|---|---|
| 1. | പ്രസിദ്ധീകരിക്കുന്ന സ്ഥലം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 2. | പ്രസിദ്ധീകരണ സ്വഭാവം | - | മാസിക |
| 3. | അച്ചടിക്കുന്ന ആളിന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 4. | പ്രസാധകന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 5. | പത്രാധിപരുടെ പേര് | - | കെ.എം. രാജൻ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |

6. പത്രത്തിന്റെ ഉടമസ്ഥതിയിൽ ഒരു ശതമാനമോ അതിലധികമോ ഓഹരിയോ പങ്കാളിത്തമോ ഉള്ള വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരും മേൽവിലാസവും - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ എന്റെ അറിവിന്റെയും വിശ്വാസത്തിന്റെയും വെളിച്ചത്തിൽ സത്യമാണെന്ന് ഞാൻ കെ.എം. രാജൻ പ്രസ്താവിച്ചു കൊള്ളുന്നു.

സ്ഥലം: **വെള്ളിനേഴി**
തിയ്യതി: **10. 03. 2018**

ഒപ്പ്
കെ.എം. രാജൻ, പ്രസാധകൻ

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**ഇ**ത്തരത്തിൽ അയാൾ ആക്രോശിച്ചപ്പോൾ നരകോസരിയായ ലേഖ്റാം ഗർജ്ജിച്ചുകൊണ്ട് പറഞ്ഞു. "വാദങ്ങൾക്കുള്ള ഉത്തരം വാദരൂപത്തിൽതന്നെ എന്റെ പക്കലുണ്ട്. ബുദ്ധിക്കുള്ള ഉത്തരം ബുദ്ധികൊണ്ടാണ് നൽകുക. എന്നാൽ ഓർക്കുക! അഹമ്മദീയരുടെ വാളുകൾ കണ്ട് ഭയപ്പെടുന്നവനല്ല ഞാൻ."

ഒരിക്കൽ ധർമ്മവീർ പണ്ഡിറ്റ് ലേഖ്റാം ഹരിയാനയിലെ ജഗാധരി എന്ന നഗരത്തിൽ എത്തി. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ അസംഖ്യം പേർ തടിച്ചുകൂടിയിരുന്നു. അദ്ദേഹത്തിന്റെ എതിരാളികൾ ഈ പ്രഭാഷണം തടസ്സപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. അവരിലൊരാൾ പണ്ഡിറ്റ് ലേഖാറാമിന്റെ തലയിലെ പഗഡിവലിച്ചെടുത്ത് അടുത്തുണ്ടായിരുന്ന ഒരടുപ്പിലേക്ക് വലിച്ചെറിഞ്ഞുവെങ്കിലും ലേഖ്റാം തന്റെ പ്രസംഗം തുടർന്നുകൊണ്ടേയിരുന്നു. സിംഹഗർജ്ജനംകേട്ട അജ്ഞാനികളുടെ കൂട്ടം ഇളകി മറിഞ്ഞു. ചൗധരി ഗംഗാറാം എന്ന ഒരാളും ഈ പ്രസംഗം കേട്ടുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം ആര്യസമാജിയായിരുന്നില്ല. ലേഖ്റാമിന്റെ സാഹസികമായ പ്രവർത്തനം കണ്ട് അദ്ദേഹം ആശ്ചര്യചകിതനായി. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു പരിവർത്തനം നടന്നു. പ്രസംഗം കഴിഞ്ഞപ്പോൾ അദ്ദേഹം എഴുന്നേറ്റ്നിന്ന് പറഞ്ഞു. "ഇന്ന് പണ്ഡിറ്റ് ജിയുടെ പഗഡിവലിച്ചെറിഞ്ഞു. നാളെ ഞാൻ സ്വയം പ്രചാരണത്തിനിറങ്ങും. ആർക്കെങ്കിലും വല്ലതും ചെയ്യാമെന്നുണ്ടെങ്കിൽ ചെയ്താലും! അടുത്തദിവസം ചൗധരി ഗംഗാറാം യജ്ഞോപവീതം ധരിച്ച് വൈദികധർമ്മം സ്വീകരിച്ചു. ലേഖ്റാമിന്റെ പ്രചാരപ്രവർത്തനങ്ങളിൽ പങ്കാളിയായിത്തീർന്നു. പിന്നാടാർക്കും പ്രശ്നമുണ്ടാക്കാൻ ധൈര്യമുണ്ടായില്ല. ക്രമേണ ഇവിടെ ഒരു ആര്യസമാജമന്ദിരം നിർമ്മിക്കുകയും അതിന്റെ പ്രധാൻ (അദ്ധ്യക്ഷൻ) ആയി അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു."

## ഉറച്ച മറുപടി

സർക്കാർ ഉദ്യോഗത്തിലുണ്ടായിരുന്ന കാലത്ത് ലേഖ്റാമിന് ഒരിക്കൽ ജോലി സംബന്ധമായ ഒരുകാര്യത്തിന് ഒരിടം വരെ പോകേണ്ടിവന്നു. നടന്നുപോകുന്നതിനുപകരം ഒരു കുതിര വണ്ടിയിലാണദ്ദേഹം പോയത്. (തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 7 ലക്കം 8

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ഫാൽഗുനം – ചൈത്രം
1194 കുംഭം – മീനം 2019 മാർച്ച്



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം | : |
| മുഖവാണി | : 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : 5 |
| മനുസ്മൃതി | : 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : 7 |
| ദ്രൗപദിയും പഞ്ചപതികളും | : 8 |
| ജീവിതം ഒരലയാഴി | : 9 |
| യോഗദർശനം | : 10 |
| തന്മേമനഃ ശിവസങ്കല്പമസ്തു: | 11 |
| വ്യവഹാര ഭാനുഃ | : 12 |
| വേദങ്ങളെ അറിയുക | : 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | : 14 |




**വിലാസം**
ദയാനന്ദ സന്ദേശം, ആര്യസമാജം,
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,
വെള്ളിനേഴി തപാൽ, പാലക്കാട് – 679 504
Ph:7907077891, 9446017440
Email:dayanandasandesam@gmail. com
Visit us : www.aryasmajkerala.org.in


## മുഖവാണി

### ആരാണ് ഈശ്വരൻ?

(തുടർച്ച)



**വൈ**ദികവീക്ഷത്തിൽ ഈശ്വരനെ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. സർവ്വവ്യാപകൻ, സർവ്വജ്ഞൻ, സർവ്വശക്തിമാൻ, സൃഷ്ടികർത്താവ് എന്നീ ഗുണവിശേഷങ്ങൾ ഉള്ളവനാണ് ഈശ്വരൻ. ഈ നാലുഗുണവിശേഷങ്ങൾക്ക് പുറമെ വേറെയും നിരവധി ഗുണങ്ങൾ അദ്ദേഹത്തിനുണ്ട് എങ്കിലും അടിസ്ഥാനപരമായ ഈ നാലുഗുണങ്ങൾ പരസ്പരം ബന്ധപ്പെട്ടുകിടക്കുകയാണ്. സർവ്വവ്യാപകനല്ലാത്തവന് സർവ്വജ്ഞനോ എല്ലാമറിയുന്നവനോ ആകാൻ പറ്റില്ല. എല്ലായിടത്തും വ്യാപിച്ചിരിക്കാത്തവനും എല്ലാം അറിയുന്നവനുമല്ലെങ്കിൽ അദ്ദേഹം സർവ്വശക്തിമാനാവില്ല. ഈ ഗുണങ്ങൾ ഒന്നുമില്ലാത്തവൻ സൃഷ്ടിരചന നടത്തുന്നതെങ്ങനെയാണ്? ഒരു വസ്തുവിനെ നിർമ്മിക്കുന്ന

*അഗ്നിനാഗ്നിഃ സമിധ്യതേ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

വൻ ആ വസ്തുവിന്റെ എല്ലാകാര്യങ്ങളും അറിയുന്നവനായിരിക്കണമല്ലോ.

ഈശ്വരൻ ഒന്നേയുള്ളു. പലതില്ല. ബഹുദൈവ വിശ്വാസം പ്രചരിച്ച താണ് ഇന്ന് ലോകത്തുകാണുന്ന വിഭിന്ന മതസമ്പ്രദായങ്ങൾ ഉടലെടുക്കാൻ കാരണമായത്. ഇത് പരസ്പര കലഹത്തിനും ലോകസമാധാനത്തിന് വിഘ്ന മുണ്ടാക്കാനും ഉപകരിച്ചു. ഈശ്വരന്റെ ശുദ്ധസ്വരൂപത്തെ തിരിച്ചറിഞ്ഞ് അദ്ദേ ഹത്തെ ഉപാസിക്കുകയും അദ്ദേഹവുമായടുക്കുവാൻ ശ്രമിക്കുകയും ചെയ്താൽ എല്ലായിടത്തും ശാന്തിയും സമാധാനവും വിളയാടും.

ലോകത്തിൽ പ്രചാരത്തിലുള്ള വിവിധ മതങ്ങൾ ഈശ്വരൻ സൃഷ്ടി കർത്താവാണെന്ന് മാനിക്കുന്നവരാണ്. എന്നാൽ ഇവരിൽ ഭൂരിപക്ഷവും ഈശ്വരൻ മറ്റുള്ളവരെ അതായത് ദൂതന്മാരേയും അവതാരങ്ങളേയും ആശ്ര യിച്ചു കവിയുന്നവനാണെന്ന് കരുതുന്നു. ഈ സൃഷ്ടി ആദ്ദേഹം നടത്തി യെന്ന് അംഗീകരിക്കുമ്പോഴും ഈശ്വരൻ ഈ സൃഷ്ടിക്ക് അധീനനാണെന്ന് അവർ കരുതുന്നു. ഈശ്വരൻ എല്ലാമെല്ലാമാണ് എന്നും ഇടക്കിടെ പറയുന്നു. ഈശ്വരന് എന്തും ചെയ്യാൻ പറ്റുമെന്നും വിശ്വസിക്കുന്നു.

## ഈശ്വരൻ നിയന്താവാണ്

അനാദിയായ വേദങ്ങൾ ഉദ്ഘോഷിക്കുന്നത് ഈശ്വരൻ 'ഋതസ്യ യോനി' എന്നാണ്. ഈ ലോകം നിയമങ്ങളാൽ ബന്ധിക്കപ്പെട്ടതാണ്. അതിന്റെ നിയന്താവ് ഈശ്വരനാണ്. ഈശ്വരന് എന്തുവേണമെങ്കിലും ചെയ്യാൻ കഴിയും എന്നത് വൈദികവീക്ഷണമല്ല. ഈശ്വരൻ എല്ലാം ചെയ്യുന്നുവെന്നും എല്ലാം അദ്ദേഹമാണ് ചെയ്യിക്കുന്നത് എന്നും പറയുന്നത് വൈദികഭാഷ്യമല്ല. സൃഷ്ടി നിയമങ്ങൾ തകർക്കാൻ ആർക്കുമാവില്ല. അതിനാൽ ഈശ്വരനും തന്റെ നിയമങ്ങൾ മാറ്റിമറിക്കാനാവില്ല. സൃഷ്ടി നിയമങ്ങളെ മാറ്റിമറിക്കുന്ന തുമൂലം ജീവജാലങ്ങൾക്ക് ദുഃഖവും ക്ലേശവും ഉണ്ടാക്കും. ഈശ്വരൻ തന്റെ സാമർത്ഥ്യത്താൽ സൃഷ്ടി രചന നടത്തുന്നു. അതിന്റെ പരിപാലനവും നിശ്ചിത അവധിക്കുശേഷം വിലയവും നടത്തുന്നു. അതിന് മറ്റാരുടേയും സഹായം തേടുന്നുമില്ല. "വിശ്വസ്യമിഷതോ വശീ" (ഋഗ്വേദം 10.90.2) അഘമർഷണമന്ത്രത്തിൽ ചൊല്ലുന്ന ഈ വേദവാണി ഇത് വ്യക്തമാക്കുന്നു. ദൂതന്മാരുടേയും മാലാഖമാരുടേയും അവതാരങ്ങളുടേയും പിറകേപോ കേണ്ട ആവശ്യം ഈശ്വരനില്ല. വൈദികധർമ്മം മറ്റു മതസമ്പ്രദായങ്ങ ളിൽനിന്ന് വ്യത്യസ്തമാവുന്നത് ഇതിനാലാണ്.

(തുടരും)

പത്രാധിപർ





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

**അദ്ധ്യായം 2** **വേദവും ശൂദ്രനും**

**സാ**മൂഹ്യഐക്യമില്ലാത്തതിനാൽ നമുക്ക് എല്ലാ സമ്പത്തും ഉണ്ടായി ട്ടുകൂടി ശത്രുക്കളാൽ നാം പരാജയപ്പെട്ടു. ഈ ജാതിവ്യവസ്ഥമൂലം നമ്മുടെ നാട് നൂറ്റാണ്ടുകളോളം അടിമയാക്കപ്പെട്ടു. ജാതി വൈരാഗ്യം കാരണം കോടി ക്കണക്കിന് ഹിന്ദുക്കൾ മതംമാറിപ്പോയി. ഇതാരുടെ ദോഷമായിരുന്നു? കേവലം ഹിന്ദുസമാജത്തിന്റെ ദോഷമായിരുന്നു.

വേദങ്ങൾ ജാതി വ്യവസ്ഥയെ നിരാകരിച്ച് ശൂദ്രന്മാരെ ഉചിതമായി ആദരിച്ച് വർണവ്യവസ്ഥയുടെ പോഷണം നടത്തണം. ജാതി വ്യവസ്ഥമൂലം ഉണ്ടാവുന്ന അപകടങ്ങൾ മനസ്സിലാക്കി അവയെ നശിപ്പിക്കാൻ എല്ലാവായന ക്കാരും ശ്രമിക്കണം.

## പാഠം – 3
## വേദങ്ങളിൽ സ്ത്രീ

**സ്ത്രീ**കളെക്കുറിച്ച് ഒരു പാട് ദുഷ്പ്രചാരണങ്ങൾ വേദവുമായി ബന്ധപ്പെട്ട് പ്രചരിക്കപ്പെടുന്നുണ്ട്. സതിസമ്പ്രദായം, ബാലവിവാഹം, ദേവ ദാസി സമ്പ്രദായം, സ്ത്രീകൾക്ക് പഠിക്കാനുള്ള അവകാശം നിഷേധിക്കൽ, സമാജത്തിൽ സ്ത്രീകളുടെ സ്ഥാനം താഴ്ന്നുപോയത്, വിധവകളുടെ ദുരിതം, നവജാതശിശുക്കളുടെ ഹത്യങ്ങൾ തുടങ്ങി അനേകം അത്യാചാരങ്ങൾ വേദ ങ്ങൾമൂലമാണെന്ന് തെറ്റായി ആരോപിക്കപ്പെടുന്നുണ്ട്. വേദം പഠിക്കുന്ന സ്ത്രീകളുടെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്നും വേദമന്ത്രം ചൊല്ലി യാൽ നാവ് പിഴുതെടുക്കണം എന്നും മറ്റും ചിലർ പ്രചരിപ്പിച്ചിട്ടുണ്ട്. സ്ത്രീകളെ കാലിലെ ചെരുപ്പായി പലരും കാണുന്നുണ്ടായിരുന്നുവെങ്കിൽ മറ്റുചിലർ സ്ത്രീകളെ ശിക്ഷിക്കാൻ തങ്ങൾക്കധികാരമുണ്ടെന്ന് പറയുന്നു. പടി ഞ്ഞാറൻ നാടുമുതൽ കിഴക്കോട്ടുള്ള ദേശങ്ങളിൽവരെ സ്ത്രീകൾക്ക് ഇത്തര ത്തിലുള്ള അപമാനജനകമായസ്ഥിതി നേരിടേണ്ടിവന്നിട്ടുണ്ട് എന്നതിന് ചരിത്രം സാക്ഷിയാണ്. എന്നാൽ ഏറ്റവും മഹത്വപൂർണ്ണമായ കാര്യമെന്തെ ന്നാൽ വേദങ്ങൾ ഈ അത്യാചാരങ്ങളൊന്നും മാനിക്കുന്നില്ല.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ഇ**ത്തരം ആളുകൾക്ക് എന്ത് ഔഷധമാണുള്ളത്? ഒഴിഞ്ഞുമാറുകയല്ലാതെ?

**ചോദ്യം : വിദ്യാഭ്യാസം ചെയ്തു കൊണ്ടിരിക്കുമ്പോഴും അതിനുശേഷവും മറ്റുള്ളവരെ പഠിപ്പിക്കാമോ?**

**ഉത്തരം** : തീർച്ചയായും. പഠിക്കുന്നതിനേക്കാളും വിദ്യവർദ്ധിക്കുന്നത് പഠിപ്പിക്കുമ്പോഴാണ്. പഠിക്കുമ്പോൾ നിങ്ങൾ സ്വയം അറിവുള്ളവനാകുന്നു. എന്നാൽ പഠിപ്പിക്കുന്നതിലൂടെ മറ്റുള്ളവരും പണ്ഡിതന്മാരായിത്തീരുന്നു. വിദ്യയുടെ വൃദ്ധി ഉത്തരോത്തരമുണ്ടാവും. തീർച്ചയായും വിദ്യ നേടുമ്പോൾ പരോപകാരിയും ധാർമ്മികനുമാവും. കണ്ണുകാണാത്തവൻ കിണറ്റിൽ വീഴുന്നതുപോലെ കാഴ്ചയുള്ളവൻ വീഴില്ല. പഠിക്കുന്നതുകൊണ്ട് മാത്രമേ അവിദ്യയുടെ ഹാനിയുണ്ടാവുകയുള്ളു.

## ക്ഷുദ്രബുദ്ധിയും ശൂദ്രനും

**ക്ഷുദ്രബുദ്ധി** : എല്ലാവരും പണ്ഡിതരായിത്തീർന്നാൽ പിന്നെ എന്നെയാര് ഗൗനിക്കും? സ്വയം പുസ്തകം വായിച്ച് അർത്ഥം മനസ്സിലാക്കാൻ തുടങ്ങിയാൽ പൂജാപാരായണത്തിന് നമ്മെയാരും വിളിക്കില്ല. ധനാഢ്യന്മാരും രാജാക്കന്മാരും പഠിക്കുന്നതായാൽ നമ്മുടെ കാര്യം കഷ്ടമാവും. എന്തെന്നാൽ അവരാണല്ലോ നമുക്ക് ജീവിക്കാനുള്ള വകതരുന്നത്!

ഒരു ശൂദ്രൻ ക്ഷുദ്രബുദ്ധിയുടെ അടുത്ത് ചെന്ന് തന്നെ പഠിപ്പിക്കണമെന്നപേക്ഷിച്ചു. (ക്ഷുദ്രബുദ്ധിയുടെ മനോവൃത്തി അനുസരിച്ച് ഓരോ ചോദ്യോത്തരങ്ങൾക്കും അയാളുടെ പേര് അൽപ്പബുദ്ധി, നഷ്ടമതി, ബകവൃത്തി എന്നിങ്ങനെ നൽകിയിരിക്കുന്നു)

**അൽപ്പബുദ്ധി:** നീ ആരാണ്? എന്താണ് ജോലി? നിന്റെ വീട്ടിലെ കാര്യങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം** : ഞാനങ്ങയുടെ ദാസനാണ് തിരുമേനി! കുറച്ചുഭൂമിയും കൃഷിയുമുണ്ട്. വീട്ടിൽ അല്ലറ ചില്ലറ കച്ചവടവുമുണ്ട്.

**നഷ്ടമതി** : ഛെ! ഛെ! ഛെ! നിനക്ക് കേൾക്കാനും എനിക്ക് കേൾപ്പിക്കാനും അധികാരമില്ല. നീ നിന്റെ ധർമ്മം ഉപേക്ഷിച്ച് എന്റെ ധർമ്മം സ്വീകരിച്ചാൽ നരകത്തിൽ പോവാതിരിക്കില്ല. മനസ്സിലായോ? ശരി. എന്നാൽ നിനക്ക് വേദങ്ങളിൽനിന്നും വ്യത്യസ്തമായ ഗ്രന്ഥങ്ങളിലെ കഥകൾ കേൾക്കാനധികാരമുണ്ട്.

(തുടരും)

***തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)***
***ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !***







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**അദ്ധ്യായം – 3** **വേദനാംനിത്യത്വ വിചാരഃ**

**ഏ**വം സൃഷ്ട്യാദാവീശ്വരോപദേശാƒ ദ്ധ്യാപനാഭ്യം (അന്യത്ര ഗ്രന്ഥകാരഃ 'ആദിസൃഷ്ടൗ' പ്രയുങ്ക്തേ തദപി സാധു ദ്ര – 14 പൃഷ്ടസ്ഥാ ടി. 1) വിനാ നൈവ കസ്യാപി വിദ്യായാ അനുഭവഃ സ്യാത്, പുനഃ കഥം സംസ്കാരഃ? തേന വിനാ കുതഃ സ്മരണമ്? ന ച സ്മരണേന വിനാ വിദ്യായാ ലേശോƒപി കസ്യചിദ് ഭവിതുമർഹതി

**ഭാഷാർത്ഥം:** എങ്ങനെയാണോ ശാസ്ത്രപ്രമാണങ്ങളാൽ വേദങ്ങൾ നിത്യമാണെന്ന് സിദ്ധിക്കുന്നത് അതുപോലെ യുക്തിസിദ്ധവുമാണത്. "അസത്"ൽ നിന്നും "സത് " ഉണ്ടാവുക അസാധ്യമാണ് അതുപോലെ "സത് " (ഉൺമ) ന്റെ അഭാവവുമൊരിക്കലുമുണ്ടാവില്ല. ഏതാണോ ഉള്ളത്. അതിന്റെ തുടർപ്രവൃത്തിയുണ്ടാവും. ഇല്ലാത്ത വസ്തുവിൽനിന്ന് മറ്റൊരു വസ്തു ഒരിക്കലും ഉണ്ടാവില്ല. ഈ ന്യായമനുസരിച്ചും വേദങ്ങൾ നിത്യമാണെന്ന് അംഗീകരിക്കുന്നതാണ് ശരി. വേരില്ലാത്തതിന് തണ്ടും ഇലയും പൂവും ഫലവുമൊന്നുമുണ്ടാവില്ല. അതേപോലെ വന്ധ്യാപുത്രന്റെ വിവാഹം താൻ കണ്ടുവെന്ന് ആരെങ്കിലും പറഞ്ഞാൽ അത് അസംഭവമാണ്. വന്ധ്യക്ക് പുത്രനുണ്ടാവുമെങ്കിൽ അവർ എങ്ങനെ വന്ധ്യയാവും! പുത്രൻതന്നെ ഇല്ലാ എങ്കിൽ അയാളുടെ വിവാഹവും അത് കാണുന്നതും എങ്ങനെ? ഈശ്വരനിൽ അനന്തമായ ജ്ഞാനമുള്ളതിനാലാണ് അദ്ദേഹം മനുഷ്യർക്ക് വിദ്യോപദേശം നൽകുന്നത്. ഈശ്വരനിൽ അനന്ത ജ്ഞാനമില്ലെങ്കിൽ അദ്ദേഹം എങ്ങനെ ഉപദേശിക്കും? ഈ ജഗത്തിനേയും സൃഷ്ടിക്കുന്നത് എങ്ങനെ? ഈശ്വരൻ മനുഷ്യർക്ക് തന്റെ വിദ്യ ഉപദേശിക്കുന്നില്ല എങ്കിൽ ഒരാൾക്കും വിദ്യ അഥവാ യഥാർത്ഥ ജ്ഞാനം ഒരിക്കലും ഉണ്ടാവില്ല. ഈ ലോകത്തിൽ കാരണമില്ലാതെ ഒന്നും ഉണ്ടാവുകയോ വർദ്ധിക്കുകയോ ചെയ്യില്ല. ഇതിൽനിന്നും മനസ്സിലാക്കേണ്ടത് പരമേശ്വരനിൽനിന്നും വേദവിദ്യ മൂലരൂപത്തിൽ പ്രാപിച്ചിട്ട് (വൈ.യ.അച്ചടിച്ച ഗ്രന്ഥത്തിൽ "മൂൽ കാ പ്രാപ്ത്"എന്ന പാഠമാണുള്ളത്). മനുഷ്യരിൽ വിദ്യാരൂപമായ വൃക്ഷം വിസ്തൃതമായിത്തീരണം.

(തുടരും)

***ഭദ്രാ രാതിഃ (സാമം 111)***
***പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ***



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ.എം.രാജൻ

**സ്**മൃതികളിലും ധർമ്മശാസ്ത്രങ്ങളിലും വെച്ച് മനുസ്മൃതി ഏറ്റവും പ്രാമാണികമായ ആർഷഗ്രന്ഥമാണ്. മനുസ്മൃതിയുടെ കാലത്തിനുശേഷം അനേകം സ്മൃതികൾ ഉണ്ടായിട്ടുണ്ട്. എങ്കിലും മനുസ്മൃതിയുടെ തേജസ്സിനു മുന്നിൽ അവക്കൊന്നും വലിയ പ്രഭാവം ചെലുത്താനായില്ല. മനുസ്മൃതിയുടെ മഹത്വം ഇന്നും പണ്ടുകാലത്തേപ്പോലെ നിലനിൽക്കുന്നു. മാനവസമാജത്തിന്റെ ലൗകികകർത്തവ്യങ്ങളുടെ വിധിവിധാനവും മനുഷ്യർക്ക് മോക്ഷം നേടാനുതകുന്ന ആദ്ധ്യാത്മിക ഉപദേശങ്ങളെക്കുറിച്ചുള്ള നിരൂപണവും ഉള്ളതിനാൽ ആദ്ധ്യാത്മിക നിർദ്ദേശങ്ങളും ഉപദേശങ്ങളും കൂടിച്ചേർന്ന ഒരു വിശേഷശാസ്ത്രഗ്രന്ഥമാണ് മനുസ്മൃതി.

എല്ലാ ശാസ്ത്രങ്ങളേക്കാളും പ്രാചീനമാണെന്നതും സൃഷ്ടിയുടെ തുടക്കത്തിലെ ശാസ്ത്രഗ്രന്ഥമാണെന്നതും മനുസ്മൃതിക്ക് മാത്രം ലഭിച്ച അംഗീകാരമാണ്. ശതപഥം. തൈത്തിരീയം, കാഠകം, മൈത്രായണി, താണ്ഡ്യം തുടങ്ങിയ ബ്രാഹ്മണങ്ങളിലും മനുവിനെക്കുറിച്ച് പരാമർശിക്കുന്നതിനാലും "മനുർവൈയൽ കിഞ്ചാവദത് തദ് ഭേഷജം" അതായത് മനുപറഞ്ഞത് എന്തെല്ലാമാണോ അത് ഭേഷജം = ഔഷധസമാനം ഗുണകാരിയും മംഗളകാരിയുമാണ് തുടങ്ങിയ വചനങ്ങൾ മൂലം വൈദികസാഹിത്യത്തിലെ പ്രാചീനവും വിശിഷ്ടവുമായ ധർമ്മശാസ്ത്രമാണ് മനുസ്മൃതി എന്ന് സിദ്ധിക്കുന്നു. മനുസ്മൃതിയുടെ കാലം പ്രചീനസാഹിത്യത്തിൽ ആദിസൃഷ്ടിയുടെ സമയത്താണ് കണക്കാക്കുന്നത്. അവയുടെ അഭിപ്രായാനുസാരം മാനവരുടേയും മാനവസമാജത്തിന്റേയും മര്യാദകൾ, വ്യവസ്ഥകൾ എന്നിവയെക്കുറിച്ചുള്ള ആദ്യത്തേ ഉപദേഷ്ടാവ് മനുവാണ്. മനുവിന്റെ വ്യവസ്ഥകൾ എല്ലാകാലത്തും സാർവ്വഭൗമികമായ രൂപത്തിൽ സത്യവും വ്യാവഹാരികവുമായതാണ്. മനുസ്മൃതി വേദാധിഷ്ഠിതമാണെന്നതാണ് ഇതിനുകാരണം. വേദാധിഷ്ഠിതമാണെന്നത് മനുസ്മൃതിയുടെ മറ്റൊരു സവിശേഷതയാണ്. ഈ വിശേഷത്താലും മനുസ്മൃതിക്ക് ഏറ്റവുമധികം അംഗീകാരം ലഭിച്ചു. ശാസ്ത്രപണ്ഡിതർ മനുസ്മൃതിയുടെ മഹത്വത്തെ വിവാദരഹിതമായി സ്ഥിരീകരിച്ചുകൊണ്ട് ഇങ്ങനെ സ്പഷ്ടമായി പറയുന്നു.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





(മുൻ ലക്കത്തിന്റെ തുടർച്ച)



# തൻമേ മനഃ ശിവസങ്കല്പമസ്തു

ഡോ.സത്യദേവ് ആര്യ
തർജ്ജമ: കെ.കെ.ജയൻ

## മനസ്സിന്റെ മഹിമ

**സൂ**ര്യൻ ഒന്നല്ല അനേകമുണ്ട്. ഓരോ സൂര്യനും തന്റെ സൗരയൂഥത്തിൽ ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവ ചേർന്ന പരിവാരങ്ങളുണ്ട്. ഈ ഭൗതിക പിണ്ഡങ്ങളും പദാർത്ഥങ്ങളും ഉണ്ടായതിനുശേഷം തന്മാത്രകളാൽ സകല പ്രാണികളുടേയും ശരീരങ്ങളും അവയുടെ ഉഭയ ഇന്ദ്രിയങ്ങളുമുണ്ടായി. ഇങ്ങനെ പ്രകൃതിയിൽനിന്നും മഹതത്ത്വവും അഹങ്കാരവും പഞ്ചതന്മാത്രകളും പഞ്ചസ്ഥൂലഭൂത ഇന്ദ്രിയങ്ങളും മനസ്സും ചേർന്ന 24 തത്ത്വങ്ങളും ഉണ്ടായി. സാംഖ്യദർശനത്തിൽ ഇങ്ങനെ വർണ്ണിക്കുന്നു.

"സത്വരജസ്തമസാം സാമ്യാവസ്ഥാ പ്രകൃതി:
പ്രകൃതേർമഹാൻ മഹതോ$f$ഹംകാരോ$f$ഹം കാരാത്
പഞ്ചതന്മാത്രാണ്യുഭയമിന്ദ്രിയം തന്മാത്രേഭ്യ:
സ്ഥൂലഭൂതാനി പുരുഷ ഇതി പഞ്ചവിംശതിർ ഗണഃ" (1-26)

മനസ്, ബുദ്ധി, ചിത്തം തുടങ്ങിയ അന്തഃക്കരണീയ തത്വം മസ്തിഷ്ക്കസ്ഥാനീയ ഭൗതിക തത്വമാണ്. കേന്ദ്രീയ നാഡീവ്യൂഹം (Central Nervous System or CNS) ഈ തത്വത്തോട് ചേർന്നുനിന്നുകൊണ്ട് പ്രവർത്തിക്കുന്നു. ആധുനിക വൈദ്യശാസ്ത്രവും കേന്ദ്രീയ നാഡീവ്യൂഹത്തിൽ നിരന്തരം ഉദ്ദീപനങ്ങളും (stimulus) അതേ തുടർന്നു അനുക്രിയകളും (Response) നടക്കുന്നുണ്ടെന്ന് മാനിക്കുന്നു.

ഉദാഹരണത്തിന് നമ്മുടെ നെറ്റിയിൽ ഒരു കൊതുക് ഇരിക്കുന്നുവെന്ന് കരുതുക. അപ്പോൾ നെറ്റിയിൽ കൊതുകിരിക്കുന്നു എന്ന ഒരു ഉദ്ദീപനം ഉണ്ടാകുന്നു. നമ്മുടെ ശ്രദ്ധയ്ക്ക് ഭംഗം വരുന്നു അനുക്രിയയായി നാം കൈ ഉയർത്തുന്നു കൊതുകിനെ തുരത്തുന്നു. ഇത് സാമാന്യമായ ഒരു പ്രതിവർത്തക്രിയ (Reflex action) യാണ് . എന്നാൽ കുറച്ചുകൂടി സങ്കീർണ്ണമായ ഉദ്ദീപനങ്ങളും അനുക്രിയകളും നിരീക്ഷിച്ചാൽ അതിൽ ബുദ്ധിയും ചിത്തവും കൂടി ഭാഗഭാക്കാകുന്നുവെന്ന് ഭൗതികവാദികളും പറയുന്നു. നമ്മുടെ വിരലിൽ ഒരു മുള്ളുകൊള്ളുന്നുവെന്ന് വിചാരിക്കുക. നമുക്ക് വേദനയുണ്ടാകും.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



(മുൻ ലക്കത്തിന്റെ തുടർച്ച)

# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

**സ്വാമി സത്യപതി പരിവ്രാജക്**
**തർജ്ജമ : കെ.എം. രാജൻ**

നമ്മുടെ റോജഡ് ദർശൻ യോഗ് മഹാവിദ്യാലയത്തിലെ (സാഗർപൂർ ജില്ല, സാംബർ കാഠാ, ഗുജറാത്ത്) അനേകം പണ്ഡിതരും ബ്രഹ്മചാരികളായ ശിഷ്യന്മാരും ഈ കാര്യത്തിന് വളരെ സഹായങ്ങൾ ചെയ്തിട്ടുണ്ട്. അവരിൽ ചിലർ ആചാര്യ ജ്ഞാനേശ്വർജി ദർശനാചാര്യ, ഉപാദ്ധ്യായ വിവേക് ഭൂഷൺ ജി ദർശനാചാര്യ, ബ്രഹ്മചാരി ആശുതോഷ് ജി ദർശനാചാര്യ, ബ്രഹ്മചാരി സത്യജിത് ജി ദർശനാചാര്യ, ബ്രഹ്മചാരി സുമേരു പ്രസാദ് ജി ദർശനാചാര്യ, ബ്രഹ്മചാരി ആനന്ദ് ജി വ്യാകരണാചാര്യ എന്നിവരാണ്.

ബ്രഹ്മചാരി അരുൺദേവ്ജി ആര്യയും ശ്രീ സത്യദേവ് ജി ആര്യയും ഈ ഗ്രന്ഥത്തെ ലിപിബദ്ധമാക്കാൻ സഹായിച്ചിട്ടുണ്ട്. സഹകരിച്ച ഈ മഹാനുഭാവന്മാർക്ക് ഞാൻ നന്ദി പ്രകാശിപ്പിക്കുന്നു.

ശ്രീ.സത്യാനന്ദ് ജി ആര്യ (മുംജാൽ), ശ്രീ.ഓം പ്രകാസ് ജി ആര്യ (മുംജാൽ) ഹീറോ സൈക്കിൾസ്, ലുധിയാന, പഞ്ചാബ് എന്നിവർ ഈ ബൃഹത്ഗ്രന്ഥത്തിന്റെ പ്രകാശത്തിനുവേണ്ടുന്ന എല്ലാകാര്യങ്ങളും ചെയ്തുതന്നു. ഈ മഹാനുഭാവന്മാർക്കും നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

**സ്വാമി സത്യപതി പരിവ്രാജക്**

പ്രഥമ ആശ്വിന കൃഷ്ണ 8, 2058 വിക്രമി
11 സെപ്തംബർ 2001, ചൊവ്വാഴ്ച

ओ३म्

**അഥ പാതഞ്ജല – യോഗദർശനം**
**തത്ര പ്രഥമഃ സമാധിപാദഃ**
**അഥ യോഗാനുശാസനമ് (1)**

**ശബ്ദാർത്ഥം:** (അഥ) ഇപ്പോൾ ആരംഭിക്കുകയാണ് (യോഗ- അനുശാസനം) യോഗത്തിന്റെ സ്വരൂപത്തെ വർണ്ണിക്കുന്ന ശാസ്ത്രം.

**സൂത്രാർത്ഥം:** യോഗത്തിന്റെ സ്വരൂപത്തെ കുറിച്ചുപറയുന്ന ശാസ്ത്രത്തിന്റെ പ്രാരംഭം കുറിക്കുകയാണ്.

**വ്യാസഭാഷ്യം:** – അഥേത്യയമധികാരാർത്ഥഃ| യോഗാനുശാസനം ശാസ്ത്രമധികൃതം വേദിതവ്യം| യോഗഃ സമാധിഃ | സ ച സാർവ്വഭൗമശ്ചിത്തസ്യ ധർമ്മഃ ക്ഷിപ്തം, മൂഢം, വിക്ഷിപ്തമേകാഗ്രം, നിരുദ്ധമിതി ചിത്തഭൂമയഃ|

**(തുടരും)**

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

**കെ. എം. രാജൻ**

**അദ്ധ്യായം 2** | **പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം**

**2. വൈഷ്ണവ ഖണ്ഡം**

ശൈവ-വൈഷ്ണവ ഏകത ഉറപ്പുവരുത്തുന്നതിനാണോ എന്ന് തോന്നുമാറ് മാഹേശ്വരഖണ്ഡത്തിനുശേഷം വൈഷ്ണവ ഖണ്ഡം ആരംഭിക്കുന്നു. കാർത്തികമാസം, മാർഗ്ഗശീർഷമാസം, വൈശാഖമാസം എന്നിവയുടെ മാഹാത്മ്യം ഇതിൽ വിശദമായി വർണ്ണിക്കുന്നു. ഈ ഖണ്ഡത്തെ എട്ട് ഉപഖണ്ഡങ്ങളായി വിഭജിച്ചിട്ടുണ്ട്.

**3. ബ്രാഹ്മ ഖണ്ഡം**

സേതുമാഹാത്മ്യം, ധർമ്മാരണ്യമാഹാത്മ്യം, ചാതുർമാസ്യമാഹാത്മ്യം എന്നിവയാണിതിൽ പ്രധാനം.

**14. വാമനപുരാണം**

ഭഗവാൻ വിഷ്ണുവിന്റെ വാമനാവതാരത്തെ വർണ്ണിക്കുന്നതായതിനാലാണ് ഈ പുരാണത്തിന് വാമനപുരാണമെന്ന് പേര് വന്നത്. പൂർവ്വഭാഗം, ഉത്തരഭാഗം എന്നിങ്ങനെ വിഭജിച്ചിട്ടുള്ള ഈ പുരാണത്തിൽ പതിനായിരത്തോളം ശ്ലോകങ്ങൾ ഉണ്ട്. പൂർവ്വഭാഗം മാത്രമേ ഇപ്പോൾ ലഭ്യമുള്ളു. ഇതിൽ 97 അദ്ധ്യായങ്ങളുണ്ട്. മഹർഷി പുലസ്ത്യനും ദേവർഷി നാരദനുമായുള്ള സംവാദമായാണ് ഈ പുരാണം ചിത്രീകരിക്കുന്നത്. നാരദൻ ഇത് വ്യാസനും വ്യാസൻ ഇത് തന്റെ ശിഷ്യനായ ലോമഹർഷണസൂതനും ഉപദേശിക്കുന്നു. സൂതൻ ഇത് നൈമിഷാരണ്യത്തിൽവെച്ച് ശൗനകാദി മഹർഷിമാർക്ക് ഉപദേശിച്ചു.

വാമനൻ, ദുർഗ്ഗാഭഗവതി, പ്രഹ്ളാദൻ തുടങ്ങിയവരുടെ ആഖ്യാനങ്ങൾ ഇതിലുണ്ട്. ജീമൂതവാഹന ആഖ്യാനം, ബ്രഹ്മാവിന്റെ മസ്തകഛേദനം, ശിവന്റെ ലീലകൾ, ദക്ഷയാഗം, കാമദേവദഹനം, കുരുക്ഷേത്രത്തിന്റെ വർണ്ണന, പാർവ്വതിയുടെ ജന്മവൃത്താന്തം, സ്കന്ദചരിതം, ജാബാലിയുടെ കഥ തുടങ്ങി വിവിധ കഥകൾ. ഇതിൽ വർണ്ണിക്കുന്നുണ്ട്.

**15. കൂർമ്മപുരാണം**

വിഷ്ണു കൂർമ്മവതാരമെടുത്ത് പാതാളത്തിൽവെച്ച് ഇന്ദ്രദ്യുമ്നന്റെ കഥ പറയുന്ന കൂട്ടത്തിൽ ഉപദേശിക്കുന്നതാണ് കൂർമ്മപുരാണം. പന്ത്രണ്ടു വർഷം നീണ്ടുനിന്ന മഹാസത്രത്തിൽവെച്ച് ലോമഹർഷണസൂതൻ 88 ആയിരം ഋഷിമാർക്ക് സംവാദ രൂപത്തിൽ ഈ കഥ പറഞ്ഞുകൊടുത്തു. **(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ഏതമേതദ് പ്രാഹ യഥാധർമ്മചാരീ യുധിഷ്ഠിരഃ।**
**അനൃതാന്മേ ഭവം തീവ്രം മുച്യേƒഹമനൃതാത് കഥമ്॥**
(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 195 ശ്ലോകം 18)

**ഭാവാർത്ഥം:** കുന്തി പറഞ്ഞു "യുധിഷ്ഠിരൻ പറഞ്ഞത് ശരിയാണ്. ഞാൻ ഈ ആജ്ഞയാണ് അവർക്ക് നൽകിയത്. എനിക്ക് അസത്യത്തിൽ ഭയമുണ്ട്, ഇനി അങ്ങനെയെങ്കിൽ എനിക്ക് ഈ അസത്യത്തിൽ നിന്ന് എങ്ങനെ രക്ഷപ്രാപിക്കാം?"

**അനൃതാന്മോക്ഷ്യസേ ഭദ്രേ ധർമ്മശ്ചൈവ സനാതനഃ।**
**ന തു വക്ഷ്യമി സർവ്വേഷാം പാഞ്ചാല ശൃണു മേ സ്വയമ്॥**
(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 195 ശ്ലോകം 19)

**ഭാവാർത്ഥം:** എല്ലാവരുടേയും അഭിപ്രായങ്ങൾ കേട്ടശേഷം വ്യാസൻ പറഞ്ഞു. നീ അസത്യത്തിൽ നിന്ന് രക്ഷപ്പെടും. ഒരു സ്ത്രീക്ക് അനേകം പതിമാർ ഉണ്ടാവുന്നത് സനാതനധർമ്മമാണ്.

**യഥായം വിഹിതോ ധർമ്മോ യതശ്ചായം സനാതനഃ।**
**യഥാ ച പ്രാഹ കൗന്തേയസ്തഥാ ധർമ്മോ ന സംശയഃ॥**
**തത ഉത്ഥായ ഭഗവാന് വ്യാസോ ദ്വൈപായനഃ പ്രഭുഃ॥**
(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 195 ശ്ലോകം 20, 21)

**ഭാവാർത്ഥം:** ദ്രുപദനോട് വ്യാസൻ പറഞ്ഞു "ഞാൻ എല്ലാവരുടേയും മുന്നിൽവെച്ച് പറയില്ല. അല്ലയോ പാഞ്ചാലരാജാവേ! അങ്ങയോട് മാത്രം ഏകാന്തതയിൽ പറയാം." ഇത്രയും പറഞ്ഞ് ദ്രുപദന്റെ കയ്യും പിടിച്ച് വ്യാസൻ അദ്ദേഹത്തെ രാജഭവനത്തിന്റെ ഉള്ളിലേക്ക് കൊണ്ടുപോയി. ഒരു കഥ കേൾപ്പിച്ചു. ആ കഥ ഇപ്രകാരമാണ്.

### നാലാമത്തെ അസത്യം

മഹാഭാരതം ആദിപർവ്വം നൂറ്റിതൊണ്ണൂറ്റിയഞ്ചാം അദ്ധ്യായത്തിലെ ഒന്നുമുതൽ 30 വരെയുള്ള ശ്ലോകങ്ങളിൽ ഒരു മിഥ്യാകഥയുണ്ട്. അതിന്റെ സാരമിപ്രകാരമാണ്.

ഒരിക്കൽ യമരാജാവ് ദീർഘകാലം ഒരു യജ്ഞത്തിൽ വ്യാപൃതനായിരുന്നു. അതിനാൽ മനുഷ്യർ തുടങ്ങിയവരുടെ മരണങ്ങൾ നിലച്ചുപോയി.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7. 23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



"തന്റെ ഉന്നതിക്ക് ഞാൻ തടസ്സമുണ്ടാക്കില്ല തന്നെപ്പോലൊരു സുതാര്യമനസ്കനെ കൈവിടാൻ വിഷമം തോന്നുന്നുണ്ടെങ്കിലും അങ്ങനെ നല്ലൊരു സന്ദർഭം കിട്ടുകയാണെങ്കിൽ എനിക്ക് സന്തോഷമേയുള്ളൂ. പോയ്ക്കോളൂ. ഞാനിവിടെ അന്വേഷിച്ച് ആളെ ഉണ്ടാക്കിക്കോളാം. താക്കോലിന്റെ കാര്യം വിചാരിച്ച് വിഷമിക്കേണ്ട. ഞാൻ അമ്മയ്ക്ക് ആശ്വാസമായിട്ടേ വരൂ. എന്റെ ജ്യേഷ്ഠൻ അവിടെയുള്ളത് തനിക്കറിയാമല്ലോ. അദ്ദേഹത്തിന്റെ സ്ഥലത്ത് താൻ ഒരിക്കൽ എന്റെ കൂടെ പോയിട്ടില്ലെ, മാംഗാ സ്റ്റേഷൻ ജംഗ്ഷനടുത്തുള്ള ഗുജറാത്തി സ്കൂളിന്റെ എതിർവശം! താൻ പോകുന്ന സമയത്ത് താക്കോൽ അദ്ദേഹത്തെ ഏൽപ്പിച്ചാൽ മതി. എന്നാൽ ഒരു കാര്യം പറയട്ടെ, നല്ലവണ്ണം മനസ്സിരുത്തി വേണം മുന്നോട്ട് നീങ്ങാൻ, ബോംബേയാണ് സ്ഥലമെന്നോർക്കണം. അധോലോക സാമ്രാജ്യമാണ്. ഇതിന്റെ കെണിയിൽ പെട്ടാൽ സർവ്വസ്വനാശമാണ് ഫലം. തനിക്ക് നന്നായി വരാൻ ഈശ്വരനാനുഗ്രഹമുണ്ടാവട്ടെ. പോയാൽ വിവരത്തിന് എഴുതണം. ഒ.കെ. ശുഭാശംസകൾ" ആത്മാർത്ഥതയോടെ സ്വാമി ആശംസിച്ചു. ഫ്ളാറ്റിൽ പോയി പാച്ചന്റെ പെട്ടിയും ബെഡ്ഡും മറ്റു അല്ലറ ചില്ലറ സാധനങ്ങളും വാരിക്കെട്ടി വാതിൽപൂട്ടി നേരെ ഹോട്ടലിൽ കൊണ്ടുപോയി വെച്ചിട്ട് രാമകൃഷ്ണനും പാച്ചനും കൂടി നേരെ സ്വാമിയുടെ ജ്യേഷ്ഠന്റെ ഫ്ളാറ്റിൽ പോയി കാര്യങ്ങൾ വിശദമായി പറഞ്ഞു ധരിപ്പിച്ചപ്പോൾ അദ്ദേഹത്തിനും സമ്മതമായി. താക്കോൽ അദ്ദേഹത്തെ ഏൽപ്പിച്ച് തൊഴുത് യാത്ര ചൊല്ലി സമാധാനത്തോടെ മടങ്ങി പാർക്കിലെത്തി.

സമയം ഇപ്പോൾ 2 മണി. 6.40 നാണ് ഡൽഹി എക്സ്പ്രസ്സ്.

"ഇനി ആര്യസമാജത്തിൽ പോണ്ടെ നമുക്ക്?" പാച്ചനും ഇരുവരും ട്രാമിൽ കയറി. ആ വരിയുള്ള റോഡ് ഒരു ഫർലോങ്ങോളമുണ്ടാകും റോഡിന്റെ വീതി. അതിലൂടെ വാഹനങ്ങൾ ഉറുമ്പിൻ നിരപോലെ അങ്ങോട്ടുമിങ്ങോട്ടും ഇടതുഭാഗമെന്ന നിബന്ധനയനുസരിച്ച് ചീറിപ്പായുന്നു.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*